LIBRARY ARCHIVES Kerala Legislative Assembly

പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ

176 (4511) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ സംസ്ഥാനത്ത് പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾക്കെതിരെ നടന്ന അതിക്രമങ്ങൾ സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) അതിക്രമങ്ങളെത്തുടർന്ന് ഈ കാലയളവിൽ എത്ര പെൺകുട്ടികൾ കൊല്ലപ്പെട്ടുവെന്ന് വ്യക്തമാക്കാമോ ;

(സി) ഈ കേസ്സുമായി ബന്ധപ്പെട്ട് ഇതുവരെ അറസ്റ്റ് ചെയ്ത പ്രതികളുടെ എണ്ണവും ഇനിയും അറസ്റ്റ് ചെയ്യാൻ ബാക്കിയുള്ളവരുടെ എണ്ണവും വ്യക്തമാക്കുമോ ;

(ഡി) ഈ കേസ്സുകളിൽ അന്വേഷണം പൂർത്തിയായവ എത്ര ; പൂർത്തിയാകാത്തവ എത്ര ; വിചാരണ പൂർത്തിയാക്കിയവ എത്ര ; ശിക്ഷിക്കപ്പെട്ട പ്രതികളുടെ എണ്ണവും വിട്ടയയ്ക്കപ്പെട്ടവരുടെ എണ്ണവും എത്ര ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ സംസ്ഥാനത്ത് പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾക്കെതിരെ നടന്ന അതിക്രമങ്ങൾ സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്ക് ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) അതിക്രമങ്ങളെത്തുടർന്ന് ഈ കാലയളവിൽ 84 പെൺകുട്ടികൾ കൊല്ലപ്പെട്ടിട്ടുണ്ട്.

(സി) ഈ കേസുമായി ബന്ധപ്പെട്ട് ഇതുവരെ 5608 പ്രതികളെ അറസ്റ്റ് ചെയ്തു. ഇനിയും 466 പ്രതികളെ അറസ്റ്റ് ചെയ്യാൻ ബാക്കിയുണ്ട്.

(ഡി) ഈ കേസുകളിൽ അന്വേഷണം പൂർത്തിയായവ 4254, പൂർത്തിയാകാത്തവ 1014, വിചാരണ പൂർത്തിയാക്കിയവ 208, ശിക്ഷിക്കപ്പെട്ട പ്രതികളുടെ എണ്ണം 123, വിട്ടയയ്ക്കപ്പെട്ടവരുടെ എണ്ണം 99.

സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങൾ

177 (4512) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ സ്ത്രീകൾക്കെതിരെ നടന്ന വിവിധ അതിക്രമക്കേസ്സുകളിൽ ശിക്ഷിക്കപ്പെട്ട പ്രതികളുടെ എണ്ണം വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.